ശൂന്യത ആ കവിതകൊണ്ടു പരിഹരിക്കാൻ കാലക്രമത്തിൽ ഞങ്ങൾക്കു സാധ്യമായേക്കാം. പക്ഷേ, കേവലമായ വിഷാദത്തിന്റെ ഇരുണ്ട മണിക്കൂറുകളാണ് ഞങ്ങൾക്കിപ്പോൾ.

24 ഡിസംബർ, 1985

## 63. ഥോർ ഹെയർ ഡാൽ

സ്വന്തം ജീവിതത്തെ ഇതിഹാസമാക്കിമാററിയ ചിലർ നമ്മുടെയിടയിൽ ഇപ്പോഴുമുണ്ട്. ഇത്തരത്തിൽ ഒരാളാണ് എഴുപത്തൊന്നുവയസ്സുള്ള ഥോർ ഹെയർ ഡാൽ എന്ന നോർവേക്കാരൻ. ഥോറിന്റെ 'കോൺടികി' എന്ന പുസ്തകം 1950–കളിൽ പരിഷ്കൃതലോകത്തിലാകെ പ്രസിദ്ധിയാർജിച്ചിരുന്നു. മലയാളമടക്കം അറുപത്താറു ഭാഷകളിൽ വിവത്തനം ചെയ്യപ്പെട്ടിട്ടുണ്ട് ഈ ഗ്രന്ഥം. 'കോൺടികി'ക്കുപുറമെ പത്തോളം പുസ്തകങ്ങളും ആറ് ഡോക്യുമെന്ററി സിനിമകളും ഥോർ ഹെയർ ഡാൽ നിർമ്മിച്ചിട്ടുണ്ട്. ഈ സിനിമകളിലൊന്നിന് ഓസ്കാർസമ്മാനം ലഭിക്കുകയുമുണ്ടായി.

സാഹസികനായ ഒരു ശാസ്ത്രജ്ഞനാണ് ഥോർ ഹെയർ ഡാൽ. നോർവേയിലെ ഓസ്ലോനഗരത്തിൽനിന്ന് നൂറു കിലോമീററർ അകലെ 'ലാർവിക്' എന്ന ചെറുനഗരത്തിൽ ജനിച്ച ഥോർ ഓസ്ലോ സർവകലാശാലയിൽ ചേർന്ന് ജീവശാസ്ത്രവും ഭൂമിശാസ്ത്രവും പഠിച്ചു. ശാന്തസമുദ്രമധ്യത്തിലുള്ള ചെറുദ്വീപുകളിൽ പാർക്കുന്ന മനുഷ്യരുടെ വംശസവിശേഷതകളുടെ പഠനം (ആന്ത്രോപ്പോളജി) ആയിരുന്നു അദ്ദേഹത്തിന്റെ പ്രത്യേക പഠനവിഷയം. സർവകലാശാല നൽകിയ ഒരു സ്കോളർഷിപ്പ് ഉപയോഗപ്പെടുത്തി ഥോർ ഒരു വർഷം ഫ്രഞ്ച് പോളിനേഷ്യയിൽപ്പെട്ട മാർകേസാസ് ദ്വീപുകളിൽ താമസിച്ചു. ആകെ 1274 ചതുരശ്രകിലോമീററർമാത്രം വിസ്താരമുള്ള പതിനൊന്നു ദ്വീപുകളാണ് 'മാർകേസാസ്' എന്ന പേരിൽ അറിയപ്പെടുന്നത്. അയ്യായിരത്തിൽ അല്പം കൂടുതൽ ജനങ്ങളേ മാർകേസാസ് ദ്വീപുകളിൽ ഉള്ളൂ.

അക്കരെകാണാത്ത ആഴക്കടലിന്റെ നടുക്ക് ഒററപ്പെട്ടു ജീവിക്കുന്ന ഈ പ്രാകൃതമനുഷ്യരുടെ ധീരതയും, സ്വഭാവസവിശേഷതകളും, പ്രശ്നങ്ങളും ഥോർ ശ്രദ്ധയോടെ പഠിച്ചു. ബാഹ്യലോകവുമായി ബന്ധമില്ലാതിരുന്ന ഈ ദ്വീപുകളിൽ അന്ന് റേഡിയോവോ, മരുന്നുകളോ, തീപ്പെട്ടിപോലുമോ എത്തിയിരുന്നില്ല. മത്സ്യവും തേങ്ങയും വാഴപ്പഴവുമായിരുന്നു ജനങ്ങളുടെ ആഹാരം.

പോളിനേഷ്യയിലെ മനുഷ്യ–മൃഗ–പ്രകൃതിസവിശേഷതകൾ സൂക്ഷിച്ചു നിരീക്ഷിച്ചുകൊണ്ടിരിക്കെ ഥോർ ഹെയർ ഡാലിന് ഒരു വസ്തുത വ്യക്തമായി ഒരു ദിശയിലേക്കുമാത്രം യാത്രചെയ്യാവുന്ന ഒരു റോഡിന്റെ വക്കിലാണ് ഈ ദ്വീപുകൾ. ശാന്തസമുദ്രമാണ് ആ റോഡ്. തെക്കേ അമേരിക്കയിൽനിന്ന് ഈ ദ്വീപുകളിലേക്കാണ് എല്ലാകാലത്തും കടലിലെ ഒഴുക്കുകളും കാററുകളും. അറബിക്കടലിലുള്ളതുമാതിരി, കുറേക്കാലം ഒരുവശത്തേക്കും പിന്നെ കുറേക്കാലം മറുവശത്തേക്കും അടിക്കുന്നതല്ല പോളിനേഷ്യയിലെ കാററുകൾ. ഇതിൻഫലമായി, തെക്കേ അമേരിക്കക്ക് അഭിമുഖമായ കിഴക്കേ കടൽത്തീരത്തിൽ ഉള്ള കാലാവസ്ഥയ്ക്കും സസ്യ–ജന്തുജീവിതത്തിനും നേരെ വിപരീതമാ

ണ്ട് പോളിനേഷ്യയുടെ പടിഞ്ഞാറെ കടൽത്തീരത്തെ കാലാവസ്ഥയും സസ്യ—ജന്തുജീവിതവും.

സ്വന്തം അനുയായികളോടുകൂടി ഓർമ്മയ്ക്കുപ്പുറമുള്ളകാലത്ത് കിഴക്ക് എവിടെയോനിന്നുവന്ന് ഈ ദ്വീപുകളിൽ ആദ്യമായി പാർപ്പുറപ്പിച്ച 'ടികി' എന്ന ദിവ്യരാജാവിനെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ പോളിനേഷ്യക്കാർക്കിടയിൽ പ്രചരിച്ചിരുന്നു. ഈ ഐതിഹ്യങ്ങളിൽ വാസ്തവം ഉണ്ടെങ്കിൽ, പോളിനേഷ്യക്കാർ മധ്യ—ദക്ഷിണ—അമേരിക്കയിൽനിന്ന് വന്നവരാകണം. എന്നാൽ, വംശപരമായ പരിഗണനകളാലും മററും മലയ ഉൾപ്പെടെയുള്ള തെക്കുകിഴക്കേഏഷ്യയിൽനിന്ന് പടിഞ്ഞാറോട്ടു വന്നവരാണ് പോളിനേഷ്യക്കാർ എന്നായിരുന്നു അന്ന് നരവംശശാസ്ത്രജ്ഞർ വിശ്വസിച്ചിരുന്നത്. പഴയ തെക്കേ അമേരിക്കക്കാർ ശാന്തസമുദ്രത്തിലൂടെ ഇത്രയധികംദൂരം സഞ്ചരിച്ചിരുന്നു എന്ന വിശ്വാസം ആർക്കും ഇല്ലായിരുന്നു.

തൊലിയുടെ നിറം കറുപ്പോ, മഞ്ഞയോ, ചുവപ്പോ, വെളുപ്പോ എന്തായാലും, മനുഷ്യവർഗം ഒന്നാണെന്ന് ഥോർ ഹെയർ ഡാൽ കരുതി. യൂറോപ്യൻസംസ്കാരവും യൂറോപ്യൻലിപികളും ഉത്ഭവിച്ചത് 'ക്രീററ്' എന്ന മെഡിററേനിയൻകടലിലുള്ള ദ്വീപിൽനിന്നാണ്. ക്രീററിൽ സംസ്കാരവും ലിപിയും എത്തിയതാകട്ടെ ഇറാക്ക്, ഈജിപ്ത്, ഇന്ത്യ, വടക്കേ ആഫ്രിക്ക എന്നീ പ്രദേശങ്ങളിൽനിന്നുമായിരുന്നു. യൂറോപ്പിൽ സംസ്കാരം നാമ്പെടുക്കുന്നതിന് എത്രയോ മുമ്പുതന്നെ ഏഷ്യയിലെയും ആഫ്രിക്കയിലെയും പല പ്രദേശങ്ങളും സംസ്കാരത്തിൻെറ വളരെയേറെ പടവുകൾ കയറിക്കഴിഞ്ഞിരുന്നു. മനുഷ്യവർഗം ഏഷ്യൻ—ആഫ്രിക്കൻ പ്രദേശത്തുനിന്നാവണം ലോകമെങ്ങും പരന്നത്.

ഏഷ്യയിൽ സൈബീരിയയിൽനിന്ന് അലാസ്കയിലൂടെയായിരിക്കണം മധ്യ—അമേരിക്കയിലും തെക്കേ അമേരിക്കയിലും ജനങ്ങൾ ആദ്യമായി ചെന്നെത്തിയത് എന്ന് ഥോർ ഹെയർ ഡാൽ കരുതി. കൊളംബസ്സിൻെറ നേതൃത്വത്തിൽ അമേരിക്കയിലെത്തിയ സ്പെയിൻകാർ അവിടെ കണ്ടത്, അന്നത്തെ നിലയിൽ തികച്ചും പരിഷ്കൃതർ എന്നു കരുതപ്പെടേണ്ട ഈ ജനങ്ങളെയാണ്. നിങ്ങൾ പാർക്കുന്ന വീട്ടിൽ ഒരുദിവസം ഒരു അപരിചിതൻ കയറിവരുകയും, നിങ്ങളെ 'കണ്ടുപിടിച്ചതായി' അയാൾ അവകാശപ്പെടുകയുംചെയ്താൽ എങ്ങനെയിരിക്കും? 'അമേരിക്ക കണ്ടുപിടിച്ചു' എന്ന കൊളംബസ്സിൻെറ അവകാശവാദത്തിനും അത്രത്തോളമേ വിലയുള്ളൂ.

തൻെറ ആശയങ്ങൾ വിശദീകരിച്ചുകൊണ്ട്, എണ്ണൂറുപേജുള്ള ഒരു പുസ്തകം ഥോർ ഹെയർ ഡാൽ എഴുതി. ഇതിന്നിടയിലാണ് രണ്ടാം മഹായുദ്ധം ആരംഭിച്ചതും, നാസ്തികൾ നോർവെ കീഴടക്കിയതും. ഥോർ ഹെയർ ഡാൽ ഇക്കാലത്ത് റഷ്യക്കാരോടുചേർന്ന് ഉത്തരധ്രുവപ്രദേശത്ത് ജർമ്മൻകാരോടു പൊരുതുന്ന സ്വതന്ത്ര നോർവീജിയൻസേനയിൽ ഒരു പാരച്യൂട്ട് ഓഫീസർ ആയി സേവനമനുഷ്ഠിച്ചു.

യുദ്ധം അവസാനിച്ചപ്പോൾ ഥോർ വീണ്ടും തൻെറ പഠനങ്ങളിലേക്കു തിരിച്ചുവന്നു. പക്ഷേ, അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ സ്വീകരിക്കുവാൻ നരവംശശാസ്ത്രജ്ഞർ തയ്യാറായിരുന്നില്ല. തെക്കേ അമേരിക്കയിൽനിന്ന് എണ്ണായിരം കിലോമീററർ ദൂരെ ശാന്തസമുദ്രത്തിൻെറ നടുവിലാണ് പോളിനേഷ്യൻ ദ്വീപുകൾ. കപ്പലുകൾ പോയിട്ട് പത്തേമ്മാരികൾപോലും ഇല്ലാതിരുന്ന മധ്യ—അമേരിക്കക്കാർ എത്രയോ ശതാബ്ദങ്ങൾക്കുമുമ്പ് ഇത്രയും പരന്ന കടൽകടന്ന് പോളിനേഷ്യയിൽ എത്തിയെന്ന് ഈ ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചില്ല.

പ്രാകൃതജനങ്ങൾക്കും കടൽയാത്ര സാധ്യമാണെന്നു തെളിയിക്കാൻ

ഥോർ ഹെയർ ഡാൽ ഉറച്ചു. പട്ടമരങ്ങൾ ചേർത്തു കയർകൊണ്ടു കെട്ടി ഉണ്ടാക്കിയ ഒരു ചങ്ങാടത്തിൽ തെക്കേ അമേരിക്കയിലെ 'പെറു' രാജ്യത്തുള്ള 'എൽ കല്ലാവോ' എന്ന തുറമുഖത്തിൽനിന്നു കയറി, ശാന്തസമുദ്രത്തിലൂടെ നൂററൊന്നുദിവസം യാത്രചെയ്തു് 1947–ൽ ഥോർ പോളിനേഷ്യയിൽ 'തവാമോത്തു' എന്ന ദ്വീപസമൂഹത്തിൽ ചെന്നിറങ്ങി. പോളിനേഷ്യക്കാരുടെ ദിവ്യരാജാവിന്റെ പേർചേർത്തു്, 'കോൺടികി' എന്ന പേരാണു് ഈ ചങ്ങാടത്തിനു നൽകിയിരുന്നതു്. ആയിരത്തഞ്ഞൂറു വർഷംമുമ്പു് തെക്കേ അമേരിക്കക്കാർ ശാന്തസമുദ്രം കടന്നിരുന്നതെങ്ങനെയെന്നു് ഈ യാത്രയിലൂടെ ഥോർ സംശയാത്മാക്കൾക്കു കാണിച്ചുകൊടുത്തു. തെക്കേ അമേരിക്കയോടു് പോളിനേഷ്യയേക്കാളേറെ അടുത്തു കിടക്കുന്നതും, യൂറോപ്യർ കാണുമ്പോൾ ജനവാസമില്ലാതിരുന്നതുമായ ഗാലപ്പഗോസ്ദ്വീപുകളിൽ എന്തുകൊണ്ടു പഴയ അമേരിക്കക്കാർ പോയി പാർത്തില്ല? 'അവിടെ ശുദ്ധജലം ലഭിക്കാത്തതുകൊണ്ടു്' എന്നു് സ്ഥാപിക്കാൻ, പിന്നീടു്, ഥോർ ഹെയർ ഡാലിന്റെ ഗവേഷണങ്ങൾക്കു കഴിഞ്ഞു.

ദുർബലമായ ഒരു ചങ്ങാടത്തിൽകയറി, കാററിനെയും കടലൊഴുക്കുകളെയുംമാത്രം ആശ്രയിച്ചു്, ശാന്തസമുദ്രത്തിലൂടെ നൂററൊന്നുദിവസം കൊണ്ടു് എണ്ണായിരം കിലോമീററർ യാത്രചെയ്തു ഹെയർ ഡാൽ പെട്ടെന്നു് ലോകപ്രസിദ്ധനായി. തന്റെ യാത്ര വിവരിച്ചു് അദ്ദേഹം എഴുതിയ പുസ്തകം അക്ഷരം അറിയാവുന്നവരെല്ലാം വായിച്ചു. ഈ പുസ്തകത്തെ അവലംബിച്ചെടുത്ത ഡോക്യുമെൻററി സിനിമ ഓസ്കാർ പുരസ്കാരം കൊണ്ടു് ബഹുമാനിതമായി. കൊളംബസ് എത്തുംമുമ്പു് തെക്കേ അമേരിക്കയിൽ നിലവിലിരുന്ന മയ–ആസ്റ്റെക്–ഇങ്ക സംസ്കാരങ്ങൾ യൂറോപ്യൻ സംസ്കാരത്തേക്കാൾ പ്രാചീനങ്ങളായിരുന്നു എന്നു നിസ്സംശയം സ്ഥാപിക്കപ്പെട്ടു.

ഏഷ്യയിൽനിന്നും ആഫ്രിക്കയിൽനിന്നും മനുഷ്യവർഗം ദ്വീപാന്തരങ്ങളിലെത്തിയ തങ്ങനെ? അതു തെളിയിക്കാനായി പണ്ടു് ഈജിപ്തുകാർ ഉപയോഗിച്ചിരുന്ന ഓടങ്ങളുടെ (തോണികളുടെ) മാതൃകയിലുള്ള 'രാ–1' 'രാ–2' എന്ന രണ്ടു് ഓടങ്ങളിൽ കയറി ഥോർ ഹെയർ ഡാൽ രണ്ടുതവണ അത്‌ലാൻറിക് കടൽ കടക്കുകയും ഒരുതവണ, ഓടയും മററു പുല്ലുകളും ഉപയോഗിച്ചു് ഇരുമ്പുതൊടാതെ നിർമ്മിച്ച ഒരു ചങ്ങാടത്തിൽ ഇറാക്കിൽനിന്നു് ആഫ്രിക്കയിലെ ജിബൂട്ടിവരെ സഞ്ചരിക്കുകയുംചെയ്തു ഈജിപ്തുകാർ സൂര്യദേവനു നൽകിയിരുന്ന പേരാണു് 'രാ' എന്നതു്. മനുഷ്യവർഗത്തിന്റെ ഐക്യം വിളംബരപ്പെടുത്തുന്നതിനായി ഈ ചങ്ങാടങ്ങളിൽ അമേരിക്കൻഐക്യനാടുകൾ, സോവിയററ് റഷ്യ, ആഫ്രിക്കയിലെ ഛാഡ്, ഈജിപ്ത്, ഇറാക്ക്, മെക്സിക്കോ എന്നീ രാജ്യങ്ങളിൽനിന്നു് ഓരോരുത്തരെക്കൂടി ഥോർ തന്നോടൊപ്പം കൊണ്ടുപോയിരുന്നു.

ഥോർ ഹെയർ ഡാൽ ഈയിടെ ക്യൂബയിൽചെന്നു് കാസ്ട്രോവിനെ കണ്ടു. കലർപ്പററ സ്പാനീഷ്വംശപാരമ്പര്യമാണു് കാസ്ട്രോവിന്റേതു്. എങ്കിലും സ്പെയിൻകാർ എത്തുംമുമ്പു് അമേരിക്കയിൽ ഉണ്ടായിരുന്ന ജനവർഗങ്ങൾ ഏതെങ്കിലുംവിധത്തിൽ സ്പെയിൻകാരേക്കാൾ മോശക്കാരായിരുന്നു എന്നു് കാസ്ട്രോ കരുതുന്നില്ല എന്നു് ഈ സന്ദർശനത്തിനുശേഷം ഥോർ വ്യക്തമാക്കി. കൊളംബസ് അമേരിക്ക കണ്ടുപിടിക്കുകയല്ല, അമേരിക്കക്കാരെ 'കണ്ടുമുട്ടുക' (എൻകൗണ്ടർ) ആണു് ചെയ്തതെന്നു് കാസ്ട്രോ ഥോർ ഹെയർ ഡാലിനോടു പറഞ്ഞുവത്രെ.

മനുഷ്യവർഗം ഒന്നാണു് എന്ന ലളിതസത്യം പ്രചരിപ്പിക്കുകയാണു് ഥോറിന്റെ ജീവിതലക്ഷ്യം. പ്രാകൃതരെന്നു് നാം കരുതുന്നവർ

മോശക്കാരല്ല; പരിതഃസ്ഥിതികൾ ആണ് അവരുടെ ജീവിതചര്യകളെ ആ വിധത്തിലാക്കിയത്. തുല്യപരിതഃസ്ഥിതികളിൽ മനുഷ്യരെല്ലാം ഒരേ വിധത്തിൽ പെരുമാറും. കടലിലൂടെ ഒഴുകുന്ന ചങ്ങാടത്തിലെ യാത്രയുടെ സുരക്ഷിതത്വം, അതിലെ എല്ലാ യാത്രക്കാരുടെയും ആത്മാർത്ഥസഹകരണത്തെ ആശ്രയിച്ചിരിക്കുംപോലെ, സ്പേസിലൂടെ ഒഴുകി നടക്കുന്ന ഭൂമി എന്ന ഈ ചങ്ങാടത്തിലെ ജീവിതത്തിന്റെ സുരക്ഷിതത്വത്തിന് മനുഷ്യവർഗത്തിന്റെ മുഴുവൻ ഉദ്ബുദ്ധമായ സഹകരണം ഇന്ന് ആവശ്യമായിരിക്കുന്നു. സാഹസികനായ ഈ ശാസ്ത്രജ്ഞൻ ഇപ്പോൾ പ്രകൃതിസംരക്ഷണപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നത് ഈ ബോധം അദ്ദേഹത്തിന്റെ ചേതനയിൽ നിറഞ്ഞുനിൽക്കുന്നതുകൊണ്ടാണ്.

9 ഫെബ്രുവരി, 1986

# 64. ജെ. കൃഷ്ണമൂർത്തി

'ആനന്ദ, നിനക്കു നീ തന്നെ വിളക്ക് ആവുക; നിനക്കു നീ തന്നെ ശരണമാവുക' എന്ന് മഹാനിർവ്വാണമടുത്ത ശ്രീബുദ്ധൻ പ്രിയശിഷ്യനായ ആനന്ദനെ ഉപദേശിക്കുകയുണ്ടായി. 'ആത്മദീപോ ഭവ, ആത്മശരണഃ' എന്ന ഈ ഉപദേശംതന്നെയാണ്, ഫെബ്രുവരി പതിനേഴാംതീയതി അമേരിക്കയിലെ കാലിഫോർണിയയിൽ തൊണ്ണൂറാം വയസ്സിൽ മരണമടഞ്ഞ ജെ. കൃഷ്ണമൂർത്തി, ലോകമെങ്ങുമുള്ള തന്റെ അനുയായികൾക്ക് നിരന്തരം നൽകിപ്പോന്നത്.

'അനുയായികൾ' എന്ന വാക്ക് ഉപയോഗിച്ചുവെന്നേയുള്ളു. താൻ ഗുരുവല്ലെന്നും തനിക്കു ശിഷ്യർ ഇല്ലെന്നും കൃഷ്ണമൂർത്തി ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. 'ഒന്നുമല്ലാത്ത ഒരാൾ, ഒരു വെറും വഴിപോക്കൻ, ഒരു തരം ദാർശനികൻ' മാത്രമായി അദ്ദേഹം സ്വയം വിവരിച്ചിട്ടുമുണ്ട്. എന്നിട്ടും, ഇന്ത്യയിൽ മദ്രാസും വാരാണസിയും അടക്കം ലോകത്തിന്റെ പല ഭാഗങ്ങളിൽ അദ്ദേഹം നിരന്തരം പ്രസംഗപരമ്പരകൾ നടത്തിവന്നു. ഇംഗ്ലീഷ് ഉച്ചാരണത്തിലെ സ്ഫുടത, ആശയങ്ങളുടെ വ്യക്തത, ഭാഷയുടെ ഭംഗി, പ്രാസംഗികന്റെ വ്യക്തിമാഹാത്മ്യം മുതലായ കാരണങ്ങളാലാവണം, ബുദ്ധിജീവികളുടേതായ ഒരു സദസ്സ് എപ്പോഴും ഈ പ്രസംഗപരമ്പരയ്ക്കുണ്ടായി. പ്രസംഗസമാഹാരങ്ങളും മററുമായി എഴുന്നൂററി പന്ത്രണ്ട് പുസ്തകങ്ങൾ അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടത്രേ. പാശ്ചാത്യരായ ആരാധകന്മാർ അദ്ദേഹത്തിന് ലോകത്തിന്റെ പല ഭാഗങ്ങളിൽ വിപുലമായ സ്വത്ത് സംഭാവനചെയ്തു. ഡച്ചുകാരനായ ഒരു പ്രഭു തന്റെ കോട്ടക്കൊട്ടാരവും അയ്യായിരം ഏക്കർ വനഭൂമിയും അദ്ദേഹത്തിന് വളരെ മുമ്പുതന്നെ സമർപ്പിക്കുകയുണ്ടായി. ഈ സ്വത്തുകൾ ഭരിക്കുന്നതിനും, തന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും മററുമായി നാല് അന്താരാഷ്ട്രീയഫൗണ്ടേഷനുകളും തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ഇന്ത്യയിലും ഇംഗ്ലണ്ടിലും അമേരിക്കയിലുമായി ആറ് അന്താരാഷ്ട്രീയ വിദ്യാലയങ്ങളും കൃഷ്ണമൂർത്തി സ്ഥാപിച്ചു. വ്യക്തികൾക്ക് അനുവദിച്ച കൂടിക്കാഴ്ചകൾ, വിദ്യാർത്ഥികളും അധ്യാപകരുമായി ചർച്ചകൾ, പ്രസംഗങ്ങൾ, നിരന്തരമായ സഞ്ചാരം—അങ്ങനെ കർമ്മമുഖരമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

യൗവനാരംഭത്തിൽ കൃഷ്ണമൂർത്തിക്കു കിട്ടിയ അത്ര പ്രസിദ്ധീകരണം,